**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബദിയടുക്ക ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി. സൂപ്പിയ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.525/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 23.02.2018

================================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.09.2014-ലെ ഇ 14(എസ് സി 23/2014/കെഎസ്ഡി)9940/2014 നമ്പർ റിപ്പോർട്ട്

2. സർക്കാരിന്റെ 22.05.2015-ലെ 81309/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം

3. കുറ്റപത്രത്തിന് ശ്രീ. ബി. സൂപ്പി സമർപ്പിച്ച 27.07.2015-ലെ പ്രതിവാദ പത്രിക

4. പഞ്ചായത്ത് ഡയറക്ടറുടെ 02.02.2016-ലെ ഡി9-13795/13 നമ്പർ കത്ത്

**ഉത്തരവ്**

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. വിജിലൻസ് അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയ ബദിയടുക്ക ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി. സൂപ്പിയ്ക്ക് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകുകയും ആയതിന് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ശ്രീ. ഗോപാലകൃഷ്ണ ഭട്ട് എന്നയാൾക്ക് വാടകയ്ക്ക് നൽകിയ ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിൽ വരുത്തേണ്ട വാർഷിക വർദ്ധനവ് സമയബന്ധിതമായി വരുത്തിയിട്ടില്ല എന്ന മുൻ സെക്രട്ടറി ശ്രീ. ബി. സൂപ്പിക്കെതിരായ ആരോപണം സംബന്ധിച്ച് ഇക്കാര്യം പരിശോധിച്ചതിൽ X-197 നമ്പർ മുറിയുടെ വാടകയിൽ 2014 ജനുവരിയിൽ വരുത്തേണ്ട വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല എന്നും അതുമൂലം പഞ്ചായത്തിന് 610/- രൂപ നഷ്ടം വന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. തിമ്മപ്പ ആൾവ എന്നയാൾക്ക് വാടകയ്ക്ക് നൽകിയ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് മുറിയുടെ വാടക പിരിച്ചെടുക്കുന്നതിൽ അശ്രദ്ധ കാണിച്ചുവെന്ന ടിയാനെതിരായ രണ്ടാമത്തെ ആരോപണം സംബന്ധിച്ച് പരിശോധിച്ചതിൽ 2011-12 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ 2011 മുതൽ ഫെബ്രുവരി 2012 വരെ ഓരോ മാസവും X-231 മുറിയുടെ വാടക പിരിച്ചെടുത്തതായി കാണുന്നുണ്ടെന്നും, മാർച്ച് 2012 മുതൽ മാർച്ച് 2013 വരെയുള്ള വാടക കുടിശ്ശികയായി 2013 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വാടകയിനത്തിലും 07.06.2013-ന് പിരിച്ചെടുത്തിട്ടുണ്ടെന്നും ജൂലൈ 2013-ലെ വാടക 12.08.2013-ന് പിരിച്ചെടുത്തതായും ജൂലൈ 2013-ന് ശേഷം X-231 നമ്പർ കടമുറി ഒഴിഞ്ഞതായും രേഖകൾ പരിശോധിച്ചതിൽ നിന്നും

മനസ്സിലാക്കുന്നുവെന്നും വാടക പിരിച്ചെടുക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും തുക കുടിശ്ശികയായി പിഴയടക്കം പിരിച്ചെടുത്തതിനാൽ പഞ്ചായത്തിന് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി. പദ്ധതി ഓഫീസ് പ്രവർത്തിക്കുന്നതിന് വേണ്ടി IX-336 നമ്പർ മുറി അനുവദിച്ചിരുന്നതായും ഷോപ്പിംഗ് കോംപ്ലക്സ് രജിസ്റ്ററിൽ ഈ മുറിയുടെ വിവരങ്ങളൊന്നും എഴുതിച്ചേർത്തിട്ടില്ലായെന്നുമുള്ള ടിയാനെതിരായ ആരോപണം സംബന്ധിച്ച് അന്വേഷിച്ചതിൽ എം.ജി.എൻ.ആർ.ഇ.ജി. പദ്ധതി പ്രവർത്തനങ്ങൾ നടത്തുവാനും, ഉദ്യോഗസ്ഥർക്ക് ജോലി ചെയ്യാനും ഫയലുകൾ സൂക്ഷിക്കാനും ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പുതുക്കി പണിയുന്ന സമയത്തായതിനാലും വേറെ കെട്ടിടം ലഭ്യമാകാത്തതിനാലുമാണ് ടി മുറി അനുവദിച്ചതെന്നും 2011-12 മുതലുള്ള ഷോപ്പിംഗ് കോംപ്ലക്സ് രജിസ്റ്ററുകളിൽ ടി മുറിയുടെ വിവരങ്ങൾ രേഖപ്പെടുത്താത്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെങ്കിലും ടിയാൻ സമർപ്പിച്ച മറുപടി അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. സൂപ്പി സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വാടക യഥാസമയം പിരിച്ചെടുക്കുന്നതിൽ കാലതാമസവും ഷോപ്പിംഗ് കോംപ്ലക്സ് രജിസ്റ്ററുകളിൽ എല്ലാ മുറികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായതായും കാണുന്നു. എന്നാൽ ശ്രീ. ബി. സൂപ്പി 30.11.2016-ൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിലും പെൻഷനിൽ നിന്നും കുറവു വരുത്തുന്നതിന് നടപടി സ്വീകരിക്കത്തക്ക ഗൗരവതരമായ ക്രമക്കേട് ഇല്ലാത്തതിനാലും ബദിയടുക്ക ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി. സൂപ്പിയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ബി. സൂപ്പി, മുൻ സെക്രട്ടറി, ബദിയടുക്ക ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.വിജി.ഡി1/175/2017/വിജി. തീയതി 27.12.2017 പ്രകാരം)
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/223/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ